**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3335** **25-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യവ്യക്തികൾ കൈവശംവെച്ചിരിക്കുന്ന അധികഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യവ്യക്തികൾ അനധികൃതമായി കൈവശംവെച്ചിരിക്കുന്ന അധികഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമം 1963ലെ സെക്ഷൻ 82 ൽ പ്രതിപാദിച്ചിരിക്കുന്നതിൽ കൂടുതൽ ഭൂമി വ്യക്തി/ കുടുംബം കൈവശം വയ്ക്കുന്നെങ്കിൽ അവർക്കെതിരെ മിച്ചഭൂമി കേസെടുത്ത് ഭൂമി സർക്കാരിലേക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള നിയമ നടപടികൾ താലൂക്ക് ലാന്റ് ബോർഡുകൾ സ്വീകരിച്ചു വരുന്നു. കേരളത്തിൽ ആധാർ അധിഷ്ഠിത ഏകീകൃത തണ്ടപ്പേർ സംവിധാനം നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിഞ്ഞാൽ അധിക ഭൂമി പെട്ടെന്ന് കണ്ടെത്തി നടപടി സ്വീകരിക്കാൻ കഴിയും. കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ബി) | ഇത്തരത്തിൽ അനധികൃതമായി കൈവശംവെച്ചിരിക്കുന്ന അധികഭൂമി പിടിച്ചെടുത്ത് ഭൂരഹിതർക്ക് നൽകുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുമോ; | (ബി) | കേരള ഭൂപരിഷ്കരണ നിയമം 1963ലെ സെക്ഷൻ 82 ൽ പ്രതിപാദിച്ചിരിക്കുന്നതിൽ കൂടുതൽ ഭൂമി വ്യക്തി/ കുടുംബം കൈവശം വയ്ക്കുന്നെങ്കിൽ അവർക്കെതിരെ മിച്ചഭൂമി കേസെടുത്ത് ഭൂമി സർക്കാരിലേക്ക് നിക്ഷിപ്തമാക്കുന്നതിനുള്ള നിയമ നടപടികൾ താലൂക്ക് ലാന്റ് ബോർഡുകൾ സ്വീകരിച്ചു വരുന്നു. കേരളത്തിൽ ആധാർ അധിഷ്ഠിത ഏകീകൃത തണ്ടപ്പേർ സംവിധാനം നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിഞ്ഞാൽ അധിക ഭൂമി പെട്ടെന്ന് കണ്ടെത്തി നടപടി സ്വീകരിക്കാൻ കഴിയും. കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | സ്വകാര്യവ്യക്തികൾ അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഭൂമി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കുമോ? | (സി) | ഓരോ മിച്ചഭൂമി കേസിലും ഏറ്റെടുക്കേണ്ട മിച്ചഭൂമി ഇത്രയാണെന്ന് നിയമാനുസൃത നടപടിക്രമം പാലിച്ച് താലൂക്ക് ലാന്റ് ബോർഡ് ഉത്തരവായാൽ മാത്രമേ ആ ഭൂമി അനധികൃതമായി കൈവശം വച്ചതാണെന്ന് പറയാൻ നിയമപരമായി കഴിയൂ. മിച്ചഭൂമി കേസിൽ ഉൾപ്പെട്ടിരിക്കുന്ന ഭൂമിയെ അനധികൃത കൈവശം |

| | | | |
|---|---|---|---|
| | | | എന്ന് നിയമപരമായി പറയാൻ കഴിയാത്തതിനാൽ അതിന്റെ കണക്ക് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ